**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 73** **09-10-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസികൾക്ക് നീതി ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്‌റഫ് | | ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | അട്ടപ്പാടി ആദിവാസി മേഖലകളിൽ താമസിക്കുന്ന ആദിവാസികളുടെ ശ്മശാനം, ക്ഷേത്രം എന്നിവിടങ്ങളിലേക്കുള്ള വഴി അടച്ചുകെട്ടി അവരുടെ വാസസ്ഥലങ്ങളിൽ നിന്നും ഒഴിഞ്ഞുപോകാൻ ഭൂമാഫിയ സംഘങ്ങൾ ആവശ്യപ്പെടുന്നതായ പരാതികൾ പരിശോധിച്ചിട്ടുണ്ടോ; | (എ) | **ഉണ്ട്. അട്ടപ്പാടി മേഖലയിൽ മൂലഗംഗൽ ഉന്നതിയിലെ ശ്മശാനം, ക്ഷേത്രം എന്നിവിടങ്ങളിലേക്ക് പരമ്പരാഗതമായി ഉപയോഗിച്ച് വരുന്ന പൊതുവഴി അടച്ചുപൂട്ടി അവരുടെ വാസപ്രദേശങ്ങളിൽ നിന്നും ഒഴിഞ്ഞുപോകാൻ ആവശ്യപ്പെട്ടുവെന്നുള്ള ഊരുനിവാസികളുടെ പരാതി അട്ടപ്പാടി പ്രോജക്ട് ഓഫീസർക്ക് ലഭിക്കുകയും ആയത് പട്ടികവർഗ്ഗ വികസന വകുപ്പിലെ ഫീൽഡ് തല ഉദ്യോഗസ്ഥർ പരിശോധിക്കുകയും കൈയ്യേറ്റം നടന്നത് സംബന്ധിച്ച് ഭൂരേഖകളുടെ ആധികാരികത പരിശോധിച്ച് ഉറപ്പാക്കുന്നതിനും അനന്തര നടപടികൾ സ്വീകരിക്കുന്നതിനുമായി പ്രസ്തുത പരാതി പാലക്കാട് ജില്ലാ കളക്ടർക്ക് അട്ടപ്പാടി പ്രോജക്ട് ഓഫീസർ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്.** |
| (ബി) | പ്രസ്തുത മേഖലകളിൽ വ്യാജ രേഖകൾ ഉണ്ടാക്കി ഭൂമി തട്ടിയെടുക്കുന്ന സംഭവങ്ങൾ ഉണ്ടാകുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | (ബി) | **ഉണ്ട്.** |
| (സി) | ആദിവാസികൾക്ക് നീതി ഉറപ്പാക്കാനും ജീവനും സ്വത്തിനും സംരക്ഷണം നൽകാനും സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ? | (സി) | **ഭൂമി കൈയ്യേറ്റം സംബന്ധിച്ച പരാതികൾ ലഭിക്കുമ്പോൾ ആയതിന്റെ ആധികാരികത പരിശോധിക്കുന്നതിനുള്ള സംവിധാനം പട്ടികവർഗ്ഗ വികസന വകുപ്പിൽ ഇല്ല. അത്തരം പരാതികൾ ജില്ലാ ഭരണകൂടത്തിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ് വകുപ്പ് ചെയ്തുവരുന്നത്.**<br><br>**കൂടാതെ 1989-ലെ പട്ടികജാതി പട്ടികവർഗ്ഗക്കാർക്കെതിരെയുള്ള അതിക്രമം തടയൽ നിയമപ്രകാരവും നടപടി സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ